# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 31**

---

## ശിൽപ്പശാല നടത്തി

*പൊതുനയവും തൊഴിൽ മേഖലയും എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ശിൽപ്പശാല കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്(കിലെ) ചെയർമാൻ കെ.എൻ. ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. മനുഷ്യവിഭവശേഷി ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്നതിന് ഉപകരിക്കുന്ന പഠനങ്ങൾക്ക് യുവതലമുറ മുൻഗണന നൽകണമെന്ന് അദ്ദേഹം നിർദേശിച്ചു.*

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ പ്രവർത്തിക്കുന്ന സെൻറർ ഫോർ മൈഗ്രേഷൻ പോളിസി ആൻറ് ഇൻക്ലൂസീവ് ഗവേണൻസും(സിഎംപിഐജി)കിലെയുമായി ചേർന്ന് സംഘടിപ്പിച്ച ശിൽപ്പശാലയിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷനായിരുന്നു.*

*ഡോ. എം.വി. ബിജുലാൽ, രാഹുൽ വി. കുമാർ, ഡോ. എം. റഫീക്ക ബിവി, സുനിൽ തോമസ്, ജെ.എസ്. ആരിജ, നവാസ് എം. ഖാദർ എന്നിവർ സംസാരിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ*

*പൊതുനയവും തൊഴിൽ മേഖലയും എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ശിൽപ്പശാല കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ചെയർമാൻ കെ.എൻ. ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു.*

*(പി.ആർ.ഒ/39/798/2024)*

## ജൂണിയർ റിസർച്ച് ഫെലോ; സെപ്റ്റംബർ 10വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ജൂണിയർ റിസർച്ച് ഫെലോഷിപ്പിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി സെപ്തംബർ 10 വരെ നീട്ടി. സർവകലാശാലാ റിസർച്ച് പോർട്ടൽ*(https://researchonline.mgu.ac.in/) *എന്ന ലിങ്ക് വഴി അപേക്ഷ സമർപ്പിക്കാം.*

*(പി.ആർ.ഒ/39/799/2024)*

## പരീക്ഷാ ഫലം

*രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി കോം എൽഎൽബി,പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിബിഎ എൽഎൽബി( ഓണേഴ്സ് 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 അഡ്മിഷനുകൾ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റ് ഡബിൾ ഡിഗ്രി ബികോം എൽഎൽബി,പഞ്ചവത്സര ഇന്റഗ്രേറ്റ് ഡബിൾ ഡിഗ്രി ബിബിഎ എൽഎൽബി,( ഓണേഴ്സ് 2016-2017 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ഒന്നാം മേഴ്സി ചാൻസ് മാർച്ച് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 18 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

.....................................

*രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി (2015 അഡ്മിഷൻ ഒന്നാം മേഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2012,2013 അഡ്മിഷനുകൾ അവസാന മേഴ്സി ചാൻസ് മാർച്ച് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 18 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

..................................................

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ ഇക്കണോമിക്സ്, എംഎസ്സി ഫിസിക്സ് (2018 അഡ്മിഷൻ സപ്ലിമെന്ററി , 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മേഴ്സി ചാൻസ് ജനുവരി 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/800/2024)*

## പ്രാക്ടിക്കൽ

*ഒന്നാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3 (2022 അഡ്മിഷൻ റഗുലർ സ്പെഷ്യൽ പരീക്ഷ ജൂലൈ 2024)ന്റെ സോഫ്റ്റ്‌വെയർ ലാബ് 1 പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ രണ്ടിന് മണിക്കമംഗലം സെന്റ് ക്ലയർ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*രണ്ടാം സെമസ്റ്റർ എംഎസ്സി കമ്പ്യൂട്ടർ സയൻസ് സിഎസ്എസ്(2023 അഡ്മിഷൻ റ ഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ ലാബ് 2 പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റം ബർ രണ്ടിന് നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ ബേസിക് സയൻസ്-കെമിസ്ട്രി(2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2021, 2022 അഡ്മി ഷൻ സപ്ലിമെന്ററി ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ മൂ ന്നു മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/801/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ